LIBRARY ARCHIVES Kerala Legislative Assembly

തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

218 (967) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ ഏവയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയം ലഭിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്ന തിനുള്ള നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) തീരദേശങ്ങളിലെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന മത്സ്യതൊഴിലാളികൾക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് താമസിക്കുന്നവർക്ക് 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടപ്രകാരവും കോസ്റ്റൽ സോൺ റഗുലേഷൻ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പട്ടയം നല്കി വരുന്നു.

അർഹരായ എല്ലാവർക്കും പട്ടയം

219 (968) ശ്രീ. എം. എം. മണി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

അർഹരായ മുഴുവൻ പേർക്കും നിയമത്തിനകത്തുനിന്നുകൊണ്ട് പട്ടയം നൽകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. സർക്കാർ ഭൂമി കയ്യേറി താമസിച്ചു വരുന്നവരും പട്ടയം ലഭിച്ചിട്ടില്ലാത്തവരുമായ അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ടി ഭൂമിയിലെ പ്രതിഷേധമില്ലാത്ത കയ്യേറ്റങ്ങളും സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്ത കയ്യേറ്റങ്ങളും ബന്ധപ്പെട്ട് പതിവ് കമ്മിറ്റികളുടെ ശിപാർശപ്രകാരം അർഹരായ എല്ലാവർക്കും നിയമപ്രകാരം പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അർഹരായ എല്ലാവർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിന് താലൂക്കുതലത്തിൽ പ്രത്യേക അവലോകനം നടത്തി തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.